പതിമുന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 277 | 10.12.2012 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. നാണു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ കൂട്ടിയിടുന്നതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എത്ര വാഹനങ്ങൾ വിവിധ സ്റ്റേഷനുകളിലായി കൂട്ടിയിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (ബി) അനുബന്ധമായി ചേർക്കുന്നു. |
| (സി) 2001-ൽ പരിഷ്കരിച്ച പോലീസ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി എത്ര വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ട് ; | (സി) 4924 വാഹനങ്ങൾ |
| (ഡി) പോലീസ് സ്റ്റേഷൻ പരിസരം വാഹനങ്ങളുടെ ശവപ്പറമ്പായി മാറുന്നത് സ്റ്റേഷന്റെ കാര്യക്ഷമതയെ മോശമായി ബാധിക്കുമെന്നതിനാൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;<br>(ഇ) പ്രസ്തുത വാഹനങ്ങൾ സമയബന്ധിതമായി സ്റ്റേഷനുകളിൽ നിന്നും നീക്കം ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഡി) യും (ഇ) യും കേസുകളിൽപ്പെട്ട വാഹനങ്ങൾ കോടതികളിൽ കേസുകൾ തീർപ്പാകുന്നതു വരെ സൂക്ഷിച്ച് കോടതി ഉത്തരവ് പ്രകാരവും ആർ.ടി.ഒ. പിടിച്ചെടുത്ത് സ്റ്റേഷനിൽ സൂക്ഷിക്കാൻ ഏൽപ്പിക്കുന്ന വാഹനങ്ങൾ ആർ.ടി.ഒ. യുടെ തീർപ്പ് പ്രകാരമാണ് ഉടമസ്ഥർക്ക് തിരിച്ച് നൽകുന്നത്. ഇതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഉടമസ്ഥരില്ലാതെ കണ്ടെടുക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിനുള്ള അധികാരം Kerala Escheats and Forfeitures Act 1964 പ്രകാരം ജില്ലാ കളക്ടർമാർക്ക് മാത്രമായിരുന്നത് ജില്ലാ പോലീസ് മേധാവികൾക്ക് കൂടി നല്കിയിട്ടുണ്ട്. പിടിച്ചെടുത്ത് വാഹനങ്ങളുടെ |

മതിപ്പ് വില നിശ്ചയിക്കുന്നതിനുള്ള അധികാരം പോലീസ് സൂപ്രണ്ട് (എം.റ്റി), ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (എം.റ്റി) എന്നിവർക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേരളാ പോലീസ് ആക്ട് 2011 ലെ 55, 56 എന്നീ വകുപ്പുകൾ പ്രകാരം unclaimed വാഹനങ്ങൾ ലേലം ചെയ്തു കൊടുക്കുന്നതിനുള്ള അധികാരം ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

സ്റ്റേഷന് പരിസരങ്ങളിൽ കിടക്കുന്ന വാഹനങ്ങൾ തീർപ്പാക്കി സ്ഥല ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ പോലീസ് മേധാവികളും തങ്ങളുടെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ കിടക്കുന്ന വാഹനങ്ങളിന്മേലുള്ള പോലീസ് നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ഉടമസ്ഥന് വിട്ട് നൽകുകയും unclaimed വാഹനങ്ങൾക്ക് മതിപ്പ് വില നിശ്ചയിച്ച് ലേലം ചെയ്ത് നൽകുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ

| Sl. No | District | Total No. of dumped Vehicles | Total no. of vehicles disposed as per the Renewed Police Act 2011 |
|---|---|---|---|
| 1 | TVPM CITY | 2086 | 578 |
| 2 | TVPM RL | 291 | 582 |
| 3 | KLM CITY | 1506 | 257 |
| 4 | KLM RL | 939 | 259 |
| 5 | PTA | 698 | 298 |
| 6 | ALPY | 930 | 318 |
| 7 | KTYM | 617 | 180 |
| 8 | IDKI | 373 | 34 |
| 9 | EKM CITY | 320 | 104 |
| 10 | EKM RL | 1062 | 222 |
| 11 | TSR CITY | 349 | 178 |
| 12 | TSR RL | 1481 | 683 |
| 13 | PLKD | 2026 | 101 |
| 14 | MLPM | 5937 | 379 |
| 15 | KKD CITY | 560 | 481 |
| 16 | KKD RL | 392 | 58 |
| 17 | WYND | 119 | 14 |
| 18 | KNR | 644 | 125 |
| 19 | KSGD | 400 | 73 |
| | **TOTAL** | **20730** | **4924** |